# മലയാളത്തിന്റെ സമ്പർക്കഭാഷാനയം

എം .ശ്രീനാഥൻ

സമ്പർക്കരഹിതമായ ഭാഷകൾ ലോകത്തിലുണ്ടോ? ചോദ്യം പ്രസക്തമാണെങ്കിലും ഉത്തരം പറഞ്ഞുറപ്പിക്കുക എളുപ്പമാവില്ല. ചോംസ്കിയുടെ സാർവഭാഷിക വ്യാകരണാടിസ്ഥാനത്തിൽ എല്ലാഭാഷകൾക്കും പൊതുവായതും എന്നാൽ സവിശേഷമായതുമായ ചില ഘടകങ്ങളും ഘടനാസ്വഭാവങ്ങളും കാണാം(ചോംസ്കി 1981, 1982).ഗണമാതൃകാവിജ്ഞാനമനുസരിച്ചുള്ള ഘടനാമാതൃകാവർഗീകരണമനുസരിച്ച് (ഗ്രീൻബെർഗ് 1966,ബെർണാഡ് കോമ്റി 1989)ഘടനാപരമായി കാണുന്ന സാമ്യം പ്രധാനമാണ്. ജനിതകബന്ധമില്ലാത്ത ഭാഷകളാണെങ്കിലും ദീർഘകാലത്തെ സഹവാസം കൊണ്ട് പരസ്പരം ഘടനാസാമ്യം പുലർത്തുകവഴി ഭാഷാമേഖലകൾ (എമനോ 1956) രൂപംകൊള്ളാറുണ്ട്. ജനിതക വിജ്ഞാനമനുസരിച്ച് ശുദ്ധവംശീയത എന്ന ആശയംപോലും ഇന്നാരും അംഗീകരിക്കുന്നില്ല. മിശ്രജസ്വഭാവം ജനിതകസ്വഭാവമായിത്തന്നെ തിരിച്ചറിയുന്നുണ്ട്( കാവെല്ലി ഫോസ et.al 1994, കിവിസിൽഡ് et.al 1999, 2003). ഇനിയും സമ്പർക്കത്തിൽപ്പെടാത്ത ഭാഷകൾ ഭൂലോകത്ത് അവശേഷിക്കുന്നുണ്ട് എന്ന് വാദിക്കാൻ സഹായിക്കുന്ന തെളിവുകളുടെ അഭാവം കാരണം പ്രത്യക്ഷമായോ പരോക്ഷമായോ ഉള്ള സമ്പർക്കസ്വഭാവം പുലർത്താത്ത ഭാഷകൾ ഉണ്ട് എന്ന് വാദിക്കാനാവില്ല. മറിച്ചുണ്ടെങ്കിൽത്തന്നെയും അവ സാർവഭാഷികവ്യാകരണ ചിന്തയ്ക്ക് ആക്കം കൂട്ടുന്നേയുള്ളൂ. സമ്പർക്കത്തിന്റെ തോതിലും കാലത്തിലും പ്രതിനിധാനത്തിലും വ്യത്യാസം ഉണ്ടാകാമെന്നുമാത്രം.അതാകട്ടെ, ഭാഷായിഴകളിൽ കാണാവുന്ന തെളിവുകളിൽ ചിലത് സമീപകാലത്തെയും മറ്റുചിലത് ഏതെങ്കിലും പൂർവ്വകാലത്തേയും പ്രതിനിധാനം ചെയ്യുന്നുവെന്നു മാത്രമേ വിശ്വസിക്കാനാവൂ. മറിച്ചുള്ള ശുദ്ധവാദങ്ങളെല്ലാം സ്വത്വപരമായ വിശ്വാസത്തിലുറച്ച സാമൂഹിക നിർമ്മിതികളാണ്. ആദിഭാഷാന്വേഷണങ്ങൾക്ക് ഇനിയും തീർപ്പായിട്ടുമില്ല. ചുരുക്കത്തിൽ ജനിതകബന്ധംകൊണ്ടോ സമ്പർക്കംവഴിയോ അപൂർവമായി ആകസ്മികമായോ പ്രതിഭിന്നമെങ്കിലും ഭാഷകൾക്കു തമ്മിൽ, ഭാഷാഘടകങ്ങളിലും ഘടനയിലും സാമ്യം കാണാറുണ്ട്. ആകസ്മികമായി കാണുന്നവ ഒഴിച്ചുള്ള രണ്ടുസാധ്യതകളും ജനിതകബന്ധമായോ സമ്പർക്കശേഷിപ്പുകളായോ വിലയിരുത്തുകയാണ് പതിവ്. മലയാളഭാഷ സമ്പർക്ക സാഹചര്യങ്ങളിൽ കൈക്കൊണ്ട ഭാഷാനയവും സമ്പർക്ക ഭാഷകൾ

ഘടനാപരമായി ചെലുത്തിയ സ്വാധീനവും അന്വേഷിച്ചറിയാനാണ് ഈ പഠനത്തിൽ ശ്രമിക്കുന്നത്.

**ഭാഷാസമ്പർക്കം**

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തോടെയാണ് സമ്പർക്കഭാഷാശാസ്ത്രം ഒരു ശാസ്ത്രീയ പഠനമേഖലയായി ഉയർന്നുവന്നത്. ഇരുപതാം നൂറ്റാണ്ടിൽ പ്രവർത്തനമികവ് ആർജ്ജിക്കാനും ഈ മേഖലയ്ക്ക് കഴിഞ്ഞു. ഇതിന്റെ ഭാഗമായി ദ്വിഭാഷിത്വ -ബഹുഭാഷിത്വ ചർച്ചകൾക്കും പിജിൻ, ക്രയോൾ ഭാഷാപഠനങ്ങൾക്കും പ്രാധാന്യം ലഭിച്ചു. അതോടൊപ്പം, ആദാനപ്രക്രിയ(വായ്പാപദങ്ങൾ), സ്വതന്ത്രാഗത ശബ്ദങ്ങൾ, അനുകൂലനരീതികൾ, ആഗതാർത്ഥപരിവൃത്തി, ആഗതപരിഭാഷ, ആഗതമിശ്രം, ആഗതപദങ്ങളിലെ അർത്ഥപരിണാമം എന്നിവയൊക്കെ ഉപപഠനമേഖലകളായും വികസിച്ചു. സമ്പർക്കത്തിലൂടെ കൈവരുന്ന അന്യഭാഷാസാന്നിധ്യങ്ങളെ ഭാഷാശാസ്ത്രം, സാമൂഹികശാസ്ത്രം, മനശ്ശാസ്ത്രം എന്നിങ്ങനെ വിവിധ വിജ്ഞാനശാഖകളുമായി ബന്ധിപ്പിച്ചും പഠിക്കാറുണ്ട്. ഇക്കൂട്ടത്തിൽ ഭാഷാമാറ്റം ആണ് പ്രധാനപ്പെട്ട ഒരു പഠനമേഖല. ഭാഷയിലെ ആഭ്യന്തരമാറ്റങ്ങളെയും അവയെ സ്വാധീനിക്കുന്ന ബാഹ്യഘടകങ്ങളെയും അന്വേഷിച്ചറിഞ്ഞു ഭാഷാമാറ്റം വിവരിക്കുകയാണ് പ്രധാനമായും കാണുന്ന പഠനമുറ. സാമൂഹികമായ പ്രേരണകൾ മറ്റൊരു ഭാഗമാണ്. സമ്പർക്കത്തിലൂടെ സംഭവിക്കുന്ന ഭാഷാമാറ്റങ്ങൾ - സ്വനിമിക, രൂപിമ, വാക്യഘടനാ മാറ്റം, അർത്ഥമാറ്റം, പദകോശരൂപീകരണം, എഴുത്തുരീതിയിലുണ്ടാകുന്ന മാറ്റം, പിജിനീകരണം, ക്രിയോളീകരണം, സമ്പർക്കസന്ദർഭം, വായ്പാപദങ്ങൾ, കോഡുമാറ്റം, രണ്ടാംഭാഷാസമാർജനം, ഒന്നാംഭാഷാ അപചയം, ദ്വിഭാഷിത്വത്തിലെ പ്രതിഭിന്നത, ഭാഷകസമീപനം, ബഹുഭാഷിത്വം, സമ്പർക്കത്തിന്റെ ഭൗമിക സാമൂഹികാതിർത്തി, ഭാഷയും സ്വത്വവും, ഭാഷാപ്രത്യയശാസ്ത്രം, നഗരഗ്രാമഭാഷാസമ്പർക്കം, ഭാഷാരാഷ്ട്രീയം, ഭാഷാനയം, ഭാഷാസൂത്രണം, വിദ്യാഭ്യാസമാധ്യമം, ഭാഷാഭൂപ്രകൃതി തുടങ്ങിയുള്ളവയെല്ലാം സമ്പർക്കഭാഷാശാസ്ത്ര പരിധിയിൽവരും.

ഭാഷാസമ്പർക്കത്തെ ഭാഷയുമായി മാത്രം ബന്ധപ്പെടുത്തിക്കാണാനാവില്ല. ഇത് ഒരു ഭാഷാസമൂഹത്തിന്റെ സാമൂഹിക-സാംസ്കാരിക ചരിത്രരൂപീകരണവുമായി ബന്ധപ്പെട്ടിരിക്കുന്നു. സമ്പർക്കത്തിന്റെ നരവംശശാസ്ത്രത്തിനു തുടക്കത്തിൽ പ്രധാന്യം കൊടുത്തിരുന്നില്ല. പകരം ഭാഷാത്മകഘടകങ്ങളിൽ പ്രകടിതമായ മാറ്റത്തെ മാത്രം ഉൾക്കൊള്ളുന്നതായിരുന്നു പഠനരീതി. സാമൂഹിക അസമത്വവും ഭാഷാഭിന്നതയും തമ്മിലുള്ള ബന്ധം അന്വേഷിക്കുന്നതും ഇതിന്റെ ഭാഗമായി. അധികാരവ്യവസ്ഥകളും

സമ്പർക്കവും തമ്മിലുള്ള ബന്ധവും രാഷ്ട്രനിർമിതിയും(കൊളോണിയൽ, മിഷനറി, ദേശീയത)തമ്മിലുള്ള ബന്ധവും പഠനപരിധിയിൽ കടന്നുവന്നു ആഗോളീകരണത്തിലെ ചരക്കു, തൊഴിൽ വ്യാപനവും-വ്യവസായവൽക്കരണം, നഗരവൽക്കരണം സാങ്കേതികവിദ്യാവ്യാപനം തുടങ്ങി നിരവധി മേഖലകൾ ഭാഷാസമ്പർക്ക പഠനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഭിന്നഭാഷാസമൂഹങ്ങൾ തമ്മിൽ സമ്പർക്കത്തിലേർപ്പെടേണ്ടിവരുന്ന സാഹചര്യങ്ങൾ വ്യത്യസ്തമാകാം. മതപ്രചരണം, കുടിയേറ്റം, അധിനിവേശം, യുദ്ധം, വാണിജ്യം, തൊഴിൽ,വിദ്യാഭ്യാസം തുടങ്ങിയുള്ള സാമൂഹിക സമ്മർദ്ദങ്ങൾ ഭാഷാസമ്പർക്കത്തിന് സാഹചര്യമൊരുക്കുന്നു. “സമ്പർക്കത്തിലേർപ്പെടുന്ന ഭാഷകൾ അന്യോന്യം കൊടുക്കൽ വാങ്ങലുകൾ നടത്തുന്നത് സ്വാഭാവികമാണ്. ഒരു ഭാഷയുടെ സംരചന(structure)എന്നത് ആ ഭാഷയുടെ വർണവിന്യാസക്രമം, പ്രത്യയ-പദ-വാക്യ ഘടനകൾ തുടങ്ങിയവയുടെ ആകെത്തുകയാണ്. ഒരു ഭാഷയുടെ സംരചനയ്ക്കു പരിമിതികൾ ഉണ്ടായിരിക്കുകയും അതുമായി സമ്പർക്കത്തിൽ വരുന്ന ദ്വിതീയ ഭാഷയുടെ സംരചനാഘടകങ്ങളിൽ ചിലതോ എല്ലാം തന്നെയോ കൂടുതൽ ഉപകാരപ്രദമായിരിക്കുകയും ചെയ്താൽ ഒരു ദ്വിഭാഷകൻ ഈ സംരചനാഘടകങ്ങളെ പ്രാഥമിക ഭാഷയിലേക്കു സ്വീകരിക്കുക സ്വാഭാവികം മാത്രമാണ്. ഇപ്രകാരം ഈ ഭാഷയ്ക്കു മറ്റൊരു ഭാഷയുടെ മേൽ സ്വാധീനമുണ്ടാകുന്ന പ്രക്രിയ്ക്കു ഭാഷാസങ്കലനം (language contact) എന്നുപറയുന്നു. പ്രാഥമിക ഭാഷയുടെ സ്വനിമം, രൂപിമം, പദസമ്പത്ത്, വാക്യഘടന തുടങ്ങിയതലങ്ങളിലെല്ലാം ദ്വിതീയ ഭാഷയുടെ സ്വാധീനരൂപമായ സങ്കലനം സംഭവിക്കാം” (പി എം ജോസഫ്, 1984).

മലയാള സന്ദർഭത്തിൽ ഭാഷാ സമ്പർക്കപഠനങ്ങൾ കൂടുതൽ ശ്രദ്ധ ചെലുത്തിക്കാണുന്നത് ഭാഷാസമ്പർക്കംവഴി സൃഷ്ടിക്കപ്പെടുന്ന ഘടനാമാറ്റത്തെ വിവരിക്കുന്നതിലാണ്. പരകീയപദങ്ങളെ പൊതുവിലും പദാദാനം, വ്യാകരണാദാനം, ആദാനപ്രക്രിയകൾ, സ്വനിമ, രൂപിമ, അർത്ഥ പരിണാമങ്ങൾ എന്നിങ്ങനെ സവിശേഷമായും പഠിക്കുന്ന ഘടനാസമീപനത്തിനാണ് മുൻഗണന. ദ്വിഭാഷിത്വം ബഹുഭാഷിത്വം, ഭാഷാമിശ്രണം, ഭാഷാസമീകരണം, ഭാഷമേധാവിത്വം, കോഡ് ഷിഫ്റ്റിംഗ്, കോഡ് സ്വിച്ചിങ്, പിജിൻ, ക്രിയോൾ എന്നിങ്ങനെ സാമൂഹിക ഭാഷാശാസ്ത്രവിവരണങ്ങൾ ഇതര ഭാഷാസന്ദർഭങ്ങളിൽ ശക്തി പ്രാപിച്ചിട്ടുണ്ടെങ്കിലും മലയാള സന്ദർഭത്തിലില്ല. ഭാഷാസമ്പർക്കത്തെ പ്രകരണവിജ്ഞാനാധിഷ്ഠിതമായും നോക്കിക്കാണുന്ന പതിവ് ഇവിടെ കാണുന്നില്ല. ഇത്തരത്തിൽ ബഹുമുഖമായി വികസിച്ചിരിക്കുന്ന സമ്പർക്ക ഭാഷാപഠനങ്ങളെ

എല്ലാം വിസ്തരിച്ചുവെളിപ്പെടുത്താനല്ല ഈ പഠനത്തിൽ ഉദ്ദേശിക്കുന്നത്. മലയാളത്തിന്റെ സമ്പർക്കവഴികളിലൂടെ ഒരു ഓട്ടപ്രദക്ഷിണം നടത്തി മുൻ കാലവിവരണങ്ങളിൽനിന്നും പ്രക്രിയാപരമായി ക്രോഡീകരിക്കാവുന്ന ഭാഷാനയങ്ങളെ മലയാള ഭാഷാസൂത്രണത്തെ സഹായിക്കുന്നതിനായി അടയാളപ്പെടുത്താനാണ് ഈ പഠനം ശ്രമിക്കുന്നത്.

**മലയാളവും ഭാഷാസമ്പർക്കവും**

മലയാളഭാഷാചരിത്രം പൂർണമായും സമ്പർക്കഭാഷാചരിത്രവുംകൂടി യാണെന്ന് ഊന്നിപ്പറയുന്ന ചരിത്രരചനകൾ ഇല്ലെങ്കിലും പ്രബലമായി ഉന്നയിക്കപ്പെട്ടിരിക്കുന്ന ഭാഷോത്പത്തി അഥവാ പരിണാമ വാദങ്ങളിൽ സംസ്കൃത സമ്പർക്കത്തിനു പ്രാധാന്യം കൊടുത്തുകാണുന്നുണ്ട്.മലയാള ത്തിലെ സംസ്കൃത പദാവലിയുടെ ആധിക്യം സംസ്കൃതജന്യമാണ് മലയാ ളമെന്നും ദ്രാവിഡസംസ്കൃത മിശ്രജമാണ് മലയാളമെന്നും ആരോപിക്കാ നും വാദിക്കാനും നടന്ന ശ്രമങ്ങൾ ഓർക്കുമല്ലോ(ഇളംകുളം 1984, കെ എൻ എഴുത്തച്ഛൻ 1975, കെ. എം. പ്രഭാകരവാര്യർ 1982, ഇ. വി. എൻ നമ്പൂതിരി 2002). ഭാഷോത്പത്തിവാദങ്ങളിൽ പൂർവ തമിഴ് മലയാളത്തിന്റെ പരിണാ മസൃഷ്ടിയായും പ്രാക്തനദ്രാവിഡത്തിന്റെ സ്വതന്ത്ര ശാഖയായും (ഗോവി ന്ദൻകുട്ടി 1972) മലയാളത്തെ ഇപ്പോഴും വിലയിരുത്താറുണ്ട്. ഉല്പത്തിയിൽ തീർപ്പുകൽപ്പിച്ചിട്ടില്ലെങ്കിലും ഭാഷാസമ്പർക്കത്തെ ഒഴിവാക്കിക്കൊണ്ടുള്ള മലയാള ഭാഷാചരിത്രരചനകൾ വിമർശനാത്മകമായ വിലയിരുത്തൽ ആവശ്യപ്പെടുന്നുണ്ട്.

കാലാകാലങ്ങളിലായി കേരളജനത അതായത് മലയാള ഭാഷ (തുടക്കം മുതൽ ഭാഷയുടെ പേര് മലയാളമായിരുന്നില്ലെങ്കിൽ പോലും) ഭിന്നഭാഷകളുമായി സമ്പർക്കത്തിലേർപ്പെട്ടിരുന്നുവെന്ന പ്രസ്താവനയോട് ആർക്കും വിയോജിപ്പുണ്ടാവില്ല. കേരളചരിത്രരചനകൾ ഇത് സാക്ഷ്യപ്പെടു ത്തുന്നതു കൂടാതെ അത്തരത്തിൽ നടന്ന ഭാഷാസമ്പർക്കങ്ങൾ ഭാഷയിൽ അവശേഷിപ്പിച്ച ശേഷിപ്പുകളെക്കുറിച്ചും പരകീയപദപഠനങ്ങൾ വെളിപ്പെ ടുത്തിയിട്ടുണ്ട്. ഭാഷാമിശ്രം എന്ന സംജ്ഞ മലയാള ഭാഷാസന്ദർഭത്തിൽ പ്രയോഗിച്ചിരുന്നു. മുഹൂർത്തവിധി എന്ന ജോതിഷ ഗ്രന്ഥത്തിൽ ആദ്യം ഈ സംജ്ഞ ഉപയോഗിച്ചു. ഭാഷാപദവും സംസ്കൃതവിഭക്ത്യന്ത(തിങ്ന്ത) പദവും ചേർത്തുള്ള ശൈലിയെ ഭാഷാമിശ്രമായിട്ടാണ് കണക്കാക്കിയി രുന്നത്. സാഹിത്യം കൂടാതെ ജ്യോതിഷം ആയുർവേദം തുടങ്ങിയ വിഷയ ങ്ങളിൽ ഭാഷാമിശ്രകൃതികൾ ധാരാളമുണ്ടായിട്ടുണ്ട്. എന്നാൽ വൈജ്ഞാ നികകൃതികളിലെ ഭാഷയെ ഭാഷാമിശ്രമെന്നും(ആലത്തൂർ മണിപ്രവാളം ഇതിനൊരു അപവാദമാണ്), സാഹിത്യഭാഷയെ മണിപ്രവാളമെന്നും

വിളിച്ചിരുന്നു. ലീലാതിലകത്തിൽ മണിപ്രവാള ഭാഷയുടെ ലക്ഷണങ്ങൾ വിവരിക്കുന്നുണ്ട് (ഇളംകുളം 2015). സമ്പർക്കംവഴി മലയാളത്തിലുണ്ടായ ശേഷിപ്പുകളെ കുറിച്ചുള്ള പഠനങ്ങളിൽ പ്രധാനമായുള്ളത് ഡോ കെ ഗോദവർമ, പി എം ജോസഫ് 1984, എം പി ശങ്കുണ്ണിനായർ 1995, ജെ വി വിളനിലം 2009 എന്നിവരുടെതാണ്. ഗുണ്ടർട്ട്, കാൾഡ്വെൽ, എമനോ, ബറോ തുടങ്ങിയവരും വായ്പാപദങ്ങളുടെയും വ്യാകരണഘടനകളുടെയും ദ്രാവിഡഭാഷകളിലേക്കുള്ള സംക്രമണം ചർച്ചചെയ്യുന്നുണ്ട്. ഈ ചർച്ചകൾക്കും മലയാള സന്ദർഭത്തിൽ സാംഗത്യമുണ്ട് .ഈ പഠനങ്ങളിൽ പ്രധാനമായും കണ്ടെത്തി വിവരിക്കുന്ന പദാദാനവും അവ സൃഷ്ടിച്ച മാറ്റങ്ങളുമാണ്. വായ്പാവാക്കുകൾ തത്ഭവമായോ തത്സമമായോ ആണ് ഭാഷയിൽ സ്ഥാനംനേടിയതെന്നും ഭാഷാസമ്പർക്ക പഠനങ്ങൾ വ്യക്തമാക്കുന്നുണ്ട്. പി. എം. ജോസഫിന്റെ (1984) അഭിപ്രായത്തിൽ ആവശ്യബോധം, മാന്യതാബോധം എന്നിവയാണ് പദാദാനത്തിനു പ്രേരണയാകുന്നത്.

മലയാളത്തിലെ പരകീയപദങ്ങൾ ഭാഷാസമ്പർക്കത്തിന്റെ ശേഷിപ്പുകളാണ്. സാമൂഹ്യഇടപെടലുകളായ സമ്പർക്ക ചരിത്രം ഭാഷയിൽ ശേഷിക്കുന്നത് പരകീയപദങ്ങളിലൂടെയാണ്. മലയാളത്തിലെ ഇന്തോആര്യൻ പരകീയപദങ്ങളെക്കുറിച്ചുള്ള പഠനം എൽ.വി. രാമസ്വാമി അയ്യർ (1934) തുടങ്ങി എങ്കിലും കൂടുതൽ വിശദമായ പഠനം തുടർന്നുണ്ടായ കെ. ഗോദവർമയുടെതാണ് (1946). മലയാള-പ്രാകൃത ബന്ധം എൽ.വി. രാമസ്വമി അയ്യർ അൻപതോളം പദങ്ങൾക്ക് വന്ന അർഥമാറ്റങ്ങളെക്കുറിച്ച് തന്റെ പഠനത്തിൽ വിവരിക്കുന്നുണ്ട്. സംസ്കൃതം, മധ്യകാല ഇന്തോആര്യൻ, ആധുനിക ഇന്തോആര്യൻ ഭാഷകളുടെ മലയാളത്തിലെ പദശേഷിപ്പുകളെ കണ്ടെത്തി അവയുടെ സമ്പർക്കവഴി തെളിയിച്ചെടുക്കുകയായിരുന്നു കെ. ഗോദവർമ്മയുടെ പഠനം. ഇന്തോആര്യനും അതോടൊപ്പമുള്ള ഇതര ഭാഷാസമ്പർക്കത്തിന്റെ ശേഷിപ്പുകളെയും കണ്ടെത്തി അവതരിപ്പിക്കുകയാണ് പി.എം. ജോസഫ് (1984). പ്രാകൃതവും മലയാളവും തമ്മിലുള്ള ബന്ധത്തിന്റെ വഴികൾ തിരയുകയും ശേഷിപ്പുകളെ പദതലത്തിലും സാഹിത്യതലത്തിലും അടയാളപ്പെടുത്തുകയുമായിരുന്നു എം.പി. ശങ്കുണ്ണിനായരുടെ (1995) പഠന ലക്ഷ്യം

**മലയാള ഭാഷാസമ്പർക്കചരിത്രം**

കേരളരൂപീകരണവുമായോ ഭാഷാവാചിയായി മലയാളം ഉപയോഗിച്ചു തുടങ്ങിയതോടെയാ അല്ല മലയാളത്തിന്റെ ഭാഷാസമ്പർക്ക ചരിത്രം ആരംഭിക്കുന്നത്. അത് ദ്രാവിഡ ഭാഷാസമ്പർക്കചരിത്രത്തിൽ നിന്നാരംഭിക്കുന്നതായി കാണാം. പ്രമുഖമായും ഇൻഡോയൂറോപ്യൻ

ഭാഷാകുടുംബവുമായുള്ള സമ്പർക്ക ശേഷിപ്പുകളാണ് കൂടുതലെങ്കിലും ഇതര ഭാഷാകുടുംബ സാന്നിധ്യവും അടയാളപ്പെട്ടുത്തിയിയിട്ടുണ്ട് (കെ ഗോദവർമ 1946, പി എം ജോസഫ് (1984). സമ്പർക്ക സാഹചര്യങ്ങളിൽ പ്രധാനമായ കൈവഴികൾ മതപ്രചാരണവും വാണിജ്യ ബന്ധങ്ങളുമാണ്. അവയിൽ ചിലത് അധിനിവേശങ്ങളായി മാറിയിട്ടുണ്ട്. കരവഴിയും കടൽവഴിയും സമ്പർക്കം ഉണ്ടായിട്ടുണ്ട്. ഭാഷയിലെ ശേഷിപ്പുകളുടെ വെളിച്ചത്തിൽ പ്രാകൃതങ്ങളുടെയും സംസ്കൃതത്തിന്റെയും ഇതര ഭാരതീയ ഭാഷകളുടെ യും ശേഷിപ്പുകളാണ് കരവഴിയുണ്ടായതെന്നു കാണാം. പേർഷ്യൻ, ഹീബ്രു, അറബി, സുറിയാനി, ഗ്രീക്ക്, ലത്തീൻ, പോർത്തുഗീസ്, ചൈനീസ്, ഇംഗ്ലീഷ് സ്വാധീനം കടൽവഴിയുള്ള സമ്പർക്കഫലമാണ്. അന്യഭാഷാ സമ്പർക്കങ്ങൾ ഭാഷയിൽ മാത്രമല്ല സംസ്കാരത്തിലും ശേഷിക്കുന്നുണ്ട്. അന്യഭാഷകരെ ഇവിടത്തേക്കു ആകർഷിച്ച ഘടകങ്ങൾ ഏതെല്ലാ മാണെന്നു പൊതുവിൽ പരിശോധിച്ചാൽ വ്യക്തമാകുന്നത് അനുകൂല കാലാവസ്ഥ, കടൽവഴിയുള്ള വാണിജ്യത്തിനു സഹായകമായ തുറമുഖ ലഭ്യത, കയറ്റുമതിവിഭവ ലഭ്യത, സഹജമായ സഹിഷ്ണുതയുള്ള സൗഹൃദ ജനത എന്നിവയാണ്. വന്നവരെ വരത്തരായികണ്ട് ശത്രുതാമനോഭാവ ത്തോടെ അസഹിഷ്ണുത കാട്ടുകയല്ല പകരം സ്വീകരിച്ചു ഉൾച്ചേർക്കുന്ന മനോഭാവമാണ് വരത്തരോട് പൊതുവിൽ സ്വീകരിച്ചത്. മതപ്രചാരണാർ ത്ഥം വന്നവർക്കും കച്ചവടക്കാർക്കും സ്വീകരണം ലഭിച്ചു. ഈ അനുകൂല പരിസ്ഥിതി അന്യഭാഷകരെ ഇവിടത്തേക്കു ആകർഷിച്ചു. എന്നാൽ ആർക്കും ചൂഷണത്തിനു വിധേയരാകാതിരിക്കാനുള്ള മുൻകരുതലുമു ണ്ടായിരുന്നു ജനതയ്ക്ക്. ആധിപത്യം അംഗീകരിച്ച് വിധേയരാകാതെ പരസ്പര സഹകരണ ധാരണയിൽ സമ്പർക്കത്തെ നിലനിറുത്താൻ സമൂഹത്തിനു കഴിഞ്ഞുവെന്നതാണ് സവിശേഷമായുള്ളത്. ഇതിനായി സ്വീകരിച്ച സാമൂഹികവും സാംസ്കാരികവുമായ തന്ത്രം സങ്കലനത്തിലൂടെ അന്യതയെ ഉൾക്കൊള്ളുകയെന്നതാണ്. അന്യതയെ പേടിക്കുകയോ, പേടികൊണ്ട് സമ്പർക്കത്തിലേർപ്പെടാതെ ഒഴിഞ്ഞുനിൽക്കുകയോ യുദ്ധം ചെയ്യുകയോഒന്നുമല്ല മറിച്ച് ചൂഷണരഹിതമായ സഹകരണത്തിലൂടെ അന്യതയെ കീഴ്പ്പെടുത്തുക, അന്യസമ്പത്തു തനതാക്കുക എന്ന നയമാണ് പൊതുവിൽ സ്വീകരിച്ചതെന്നു പറയാം.അധികാരത്തിന്റെ പേരിലുള്ള ചൂഷണത്തെ എതിർക്കുന്നതിൽ നിന്നും മാറിനിൽക്കാതെ പ്രായോഗിക മായ യുദ്ധതന്ത്രത്തിലൂടെ അതിജീവിച്ച ചരിത്രവുമുണ്ട്. പൊതുവിൽ അന്യ തയോട്, തദ്ദേശീയമായി രൂപീകരിച്ചെടുത്ത സമീകരണതന്ത്രമാണ് ഭാഷാ സങ്കലനത്തിലും കാണാനാവുന്നത്.

ഭിന്നഭാഷാംശങ്ങൾ ഉൾച്ചേർന്ന ജീവൽഭാഷകളിലൊന്നാണ്

മലയാളം. സമ്പർക്കം വഴിയാണ് ഈ ഉൾച്ചേരൽ സാധ്യമായിരിക്കുന്നത്. ഇന്തോആര്യൻഭാഷകളുടെ മലയാള സമ്പർക്കമുറയിൽ പ്രഥമസ്ഥാനം പ്രാകൃത സമ്പർക്കത്തിനാണ്. ലീലാതിലകകാരനും പ്രാകൃത ഭാഷ-സാഹിത്യ സാന്നിധ്യത്തെ കുറിച്ച് വ്യക്തമായ ധാരണയുണ്ടായിരുന്നു. ശിൽപ്പം ഒന്ന് മുതൽ നാല് വരെ പ്രാകൃതപദങ്ങളെ കുറിച്ചുള്ള ചർച്ചകാണാം. മണിപ്രവാളത്തിലെ ധാതുക്കൾ പ്രാകൃതഭവം, പ്രാകൃതസമം, പ്രാകൃതൈകദേശസമം രൂപങ്ങളായി അദ്ദേഹം വിവരിക്കുന്നുണ്ട്. ഹ്രസ്വ എകാര-ഒകാരം പ്രാകൃതവുമായി ദ്രാവിഡം പങ്കിടുന്നുണ്ട്. ഐ, ഔ എന്നീ ദ്വിസ്വനങ്ങളുടെ കാര്യത്തിലും മൂർദ്ധന്യത്തിന്റെ കാര്യത്തിലും എന്നിങ്ങനെ വിവിധ ഘടകങ്ങളിൽ പങ്കിടുന്ന പ്രാകൃത ദ്രാവിഡ ബന്ധം മലയാളത്തിൽ ശക്തമായി നിലനിൽക്കുന്നുണ്ട്. പ്രാകൃതം സാഹിത്യഭാഷയെന്ന നിലയിൽ ദ്രാവിഡത്തെ പൊതുവിലും മലയാളത്തെ സവിശേഷമായും സ്വാധീനിച്ചിരുന്നു. വരരുചിയുടെ പ്രാകൃത പ്രകാശം എന്ന വ്യാകരണഗ്രന്ഥം അഭിനവഗുപ്തന്റെ അഭിപ്രായത്തിൽ പ്രാകൃതവ്യാകരണങ്ങളിൽ മുഖ്യമാണ്. വരരുചിയുടെ ജന്മദേശം കേരളമാണെന്നാണ് ഉള്ളൂരിന്റെ നിഗമനം. ശ്രീചിഹ്നം അഥവ ഗോവിന്ദാഭിഷേകം, ശൗരിചരിതം എന്നിങ്ങനെ വിവിധ കൃതികൾ പതിമൂന്നാം നൂറ്റാണ്ടിന് ശേഷം കേരളത്തിൽ നിന്ന് ഉണ്ടായതായി കരുതുന്നു. സംസ്കൃത നാടകങ്ങളിൽ പ്രാകൃതം ഉൾപ്പെടുത്തിയിരുന്നു. ഭാസനാടകങ്ങളിലും ശക്തമായ പ്രാകൃത സാന്നിധ്യം കാണുന്നുണ്ട്. ഇതോടൊപ്പം പ്രാകൃതകാവ്യങ്ങളുടെ വ്യാഖ്യാനങ്ങളും കേരളത്തിൽ നിന്നും ഉണ്ടായിട്ടുള്ളതായി എം. പി. ശങ്കുണ്ണിനായർ (1995) അഭിപ്രായപ്പെടുന്നുണ്ട്. മലയാള-പ്രാകൃത ബന്ധത്തിന്റെ ശേഷിപ്പുകളായി പദ-സാഹിത്യ ശേഷിപ്പുകളെ പരിശോധിക്കുകയാണ് അദ്ദേഹം.

മധ്യകാല ഇന്തോആര്യൻ ഭാഷകളായി തിരിച്ചറിഞ്ഞിട്ടുള്ളത് വിവിധ പ്രാകൃതങ്ങളെയാണ്. അവയിൽ ബുദ്ധമതക്കാരിലൂടെ മലയാളത്തിൽ കുടിയേറിയത് പാലിയാണ്. അർഥമാഗധി, ശൗരസേനി, മഹാരാഷ്ട്രി പ്രാകൃതങ്ങൾ ജൈനരിലുടെയും പിൽക്കാലത്ത് ബ്രാഹ്മണരിലൂടെയും സജീവമായി. മാഗധിപ്രാകൃതം വാണിജ്യബന്ധത്തിലൂടെയാണ് മലയാളത്തിലെത്തിയത്. ചുരുക്കത്തിൽ മലയാളപ്രാകൃത ബന്ധത്തിന് പിന്നിൽ ശക്തമായ രണ്ട് സമ്പർക്കധാരകൾ കണ്ടെത്താം. മതപ്രചാരണം, വാണിജ്യബന്ധം എന്നിവയാണവ. ഇതിലൊന്നാമത്തേതിൽ മൂന്ന് ഉപധാരകൾ അടയാളപ്പെടുത്താം. ബുദ്ധ-ജൈന-ബ്രാഹ്മണ(ഹിന്ദു) മതപ്രചാരണത്തിന്റേതാണിവ.

മലയാളത്തിൽ ഉൾച്ചേർന്ന പ്രാകൃതപദങ്ങൾ പരിശോധിച്ചാൽ സാംസ്കാരികമായും സാമൂഹികമായും മലയാളസംസ്കൃതി ദ്രാവിഡ സംസ്കൃതിയിൽ

നിന്ന് സമ്പർക്കം വഴി വേരിട്ടുന്ന കാഴ്ചയും കാണാം. ഭരണം, സാമ്പത്തികം, തൊഴിൽ, ശരീരം, രോഗം. ചികിത്സ, ഗൃഹം, ഗൃഹോപകരണങ്ങൾ ഭക്ഷണം, വസ്ത്രം, അലങ്കാലം, ബന്ധസൂചകങ്ങൾ, വ്യക്തിനാമങ്ങൾ, തൊഴിൽ സമുദായങ്ങൾ, വാഹനങ്ങൾ, കളികൾ, കലകൾ, മതസ്ഥാപനങ്ങൾ, ദേവദേവതകൾ, വിദ്യാഭ്യാസം, സംഖ്യാവാചികൾ, നിറം, ഭൂമിശാസ്ത്രം, പ്രകൃതി, സമയം, സസ്യജന്തുലോകം, ആശയലോകം, എന്നിങ്ങനെ വിവിധ ഇനങ്ങളിൽ പെടുന്ന പ്രാകൃതപദങ്ങൾ മലയാളത്തിൽ ഇടം കണ്ടെത്തി.

ഭരണവ്യവസ്ഥയുടെ രൂപീകരണത്തിൽ പ്രാകൃതാടിത്തറ കാണാം. മലയരയനിലേയും കടലരയനിലേയും അരയൻ (രാജാവ്) രാജാവും പതിയായ റാണിയും പ്രാകൃത ശേഷിപ്പുകളാണ്. വീരിയം (പൌരുഷം), ചത്തി (കരുത്ത്, ശക്തി) രാജാവിന്റെ ഗുണങ്ങളായിരുന്നു. ചാമന്തന്മാരും അമച്ചൻമാരും (മന്ത്രി) ഓച്ഛാനിച്ച നിൽക്കുന്ന ശേവുകക്കാരും (സേവകർ) ഭരണത്തിന്റെ ഭാഗമായിരുന്നു. വിഭവശേഖരപ്പുരകളായിരുന്ന കൊട്ടകാരം (കൊട്ടാരം). അരമനയായിരുന്നു രാജഗൃഹം. ആസ്ഥാനമണ്ഡപമായ അത്താണിയിലിരുന്ന് ഞായവും അഞായവും (ന്യായവും അന്യായവും) കേട്ട് തീരുമാനം (കച്ചം, കാരിയം) ചെയ്യുകയായിരുന്നു രാജാവിന്റെ ധർമം. രാജവിന്റെ ആണത്തി (ഉത്തരവ്) ഇലച്ചിക്കുക (മുദ്രവെക്കുക) പതിവായിരുന്നു. കാരാഗൃഹവും (കൊട്ടം) നഗര കവാടവും (ഗോപുരം) നിർമിച്ചിരുന്നു. രാജാവിന്റെ വേഷഭൂഷാദികൾ അധികാര മുദ്രകൾ വാഹനങ്ങളായ പല്ലക്ക്, ആഞ്ഞോളം, ആയുധങ്ങൾ, നികുതി/കപ്പം പിരിക്കുന്നതും പട്ടയം നൽകുന്നതുമായ കാര്യാലയങ്ങൾ എന്നിങ്ങനെ ഭരണവ്യവസ്ഥയുടെ ആരൂഢം പ്രാകൃത നിർമിതമാണെന്ന് എൺപത്തിയഞ്ച് പ്രാകൃതപദങ്ങൾ വെളിപ്പെടുത്തുന്നു (പി.എം. ജോസഫ് 1984).

കേരളത്തിന് കച്ചവട (വ്യാപാര) സംസ്കാരം പകർന്നുകിട്ടിയത് പ്രാകൃത സമ്പർക്കത്തിലൂടെ ആയിരുന്നു. അങ്ങാടി, ചന്ത, കമ്പോളം, പീടിയ തുടങ്ങിയ കച്ചവട ഇടങ്ങളും കച്ചവട വസ്തുവായ ചരക്കും കച്ചവടക്കാരായ ചെട്ടിയാരും വാണിയരും കുത്തകക്കാരും മുൻപണം നൽകലും തരക് (കമ്മീഷൻ) വ്യവസ്ഥയും ചരക്ക് നികുതിയായ ചുങ്കം പിരിക്കുന്ന ചൌക്കയും ചെലവെന്ന സങ്കൽപ്പവുമെല്ലാം മലയാളത്തിലെത്തിയത് പ്രാകൃതം വഴിയാണ്.

ചരക്കുവിനിമയത്തിൽ പ്രധാനമായ അളവുതൂക്കങ്ങളായ ആഴക്ക്, കഴഞ്ച്, കാണി, നാഴി എന്നിവയും പ്രാകൃതത്തിൽ നിന്ന് കടംകൊണ്ടതാണ്. കച്ചവടം നാണയസംസ്കാര ബന്ധിതമാണ്. നാണയമടിക്കാനുള്ള

അക്കശാലയും അച്ചും വിവിധ നണയ നാമങ്ങളും കച്ചവട സംസ്കൃതിയിലെ പ്രാകൃത ബന്ധം ഊട്ടിയുറപ്പിച്ചതിൽ നിർണായകമാണ്.

കേരളസമൂഹം വിവിധ തൊഴിൽ വിഭാഗങ്ങളായി രൂപംകൊണ്ടതും പ്രാകൃത സമ്പർക്കത്തിലൂടെയാണ്. ആശാരി, മൂശാരി, തട്ടാൻ, കൊല്ലൻ, ശിൽപി, നെയ്ത്തുകാർ, ചെത്തുകാർ, കുശവൻ, ചക്കാലൻ, അമ്പലവാസി (പിഷാരടി, വാരിയർ, അക്കിത്തിരി), മേളക്കാർ, എന്നിങ്ങനെയുള്ള തൊഴിൽ വിഭാഗങ്ങളുടെയും പണിശാലയുടെയും പിറവി പ്രാകൃത സമ്പർക്കത്തിൽ നിന്നാണ്. ചണ്ടാലർ ഹീന ജാതിക്കാരാണെന്ന ആശയം പങ്കുവെച്ച് കിട്ടിയതും പ്രാകൃതം വഴിതന്നെ. ശരീരാവയവ നാമങ്ങളും കഷണ്ടിയും വിക്കും രോമാഞ്ചവും പോലെ ശരീരവുമായി ബന്ധപ്പെട്ട അവസ്ഥകളും തിരിച്ചറിഞ്ഞത് പ്രാകൃതവഴിതന്നെ. ചികിത്സയുമായി ബന്ധപ്പെട്ട് കക്കം, കവളിക (മുറിവിൽകെട്ടുന്ന തുണി), ഗുളിക, തോണി (അസ്ഥി ഒടിയുമ്പോൾ കെട്ടുന്ന സ്പ്ലിൻറ്) എന്നിവയും വയലട്ടയുപയോഗിച്ച് അശുദ്ധ രക്തം നീക്കം ചെയ്യുന്ന രീതിയും മലയാളിക്ക് പരിചിതമായതിന് പിന്നിലും പ്രാകൃത ബന്ധം തന്നെയാണ് ഉള്ളത്.

ഗൃഹനിർമാണത്തിൽ പുറംതിണ്ണ, തൂൺ, തളം, കല്ലുപാകിയതറ, ഇരുനിലക്കെട്ടിടം എന്നിവയെല്ലാം പ്രാകൃതബന്ധത്തോടെ മലയാളി ആർജ്ജിച്ചതാണ്. ചുട്ടുകട്ടയുടെയും പട്ടിയലിന്റെയും ഉപയോഗവും ഈ വഴിതന്നെ. പല വീട്ടുപകരണങ്ങളും മലയാളി പരിചയപ്പെട്ടത് ഈ സമ്പർക്കത്തിലൂടെയാണ്. തളിക, ചെരുവം, തവി, താലം, പടിക്കം, പാത്രം, പത്തായം, പെട്ടി, വട്ടി, കൊട്ട, സഞ്ചി, ഏണി, കട്ടിൽ, വിശറി, കയർ, ചങ്ങല എന്നിവയെല്ലാം പ്രാകൃതശേഷിപ്പുകളാണ്. അവൽ, ശർക്കര, നെയ്യ്, പുട്ട്, കഞ്ഞി, പച്ചടി, തയിർ, പരിചിതമായതും മദ്യനിർമാണപരിചയം ഉണ്ടായതും ഈ വഴിതന്നെ. കുപ്പായം, കോണകം, കച്ച, കച്ച്, അങ്കി, പുതപ്പ്, പാവാട, പുടവ, തൊപ്പി തുടങ്ങിയവയുടെ ഉപയോഗം ശീലിപ്പിച്ചതും അണിഞ്ഞൊരുങ്ങാനും മുത്തും മാണിക്യവും പാദസരവും അണിയാനും കുന്തിരിക്കം ഉപയോഗിക്കാനുമൊക്കെ ഈ സമ്പർക്കം നമ്മേ പ്രാപ്തരാക്കി.

അച്ഛനും അച്ചിയും ചങ്ങാതിയും പ്രാകൃതം തന്നെ. സമൂഹത്തിൽ കെട്ടവരും സമൻമാരും ഉണ്ടെന്നും സ്ത്രീകളിൽ മാന്യ സ്ത്രീകളും അല്ലാത്തവരും ഉണ്ടെന്നും അകംപടിക്കാരായ ലോഹ്യക്കാരോടൊപ്പം വക്കാണക്കാരുമുണ്ടെന്ന് സമൂഹജ്ഞാനം നമുക്ക് ലഭിച്ചത് പ്രാകൃത സമ്പർക്കത്തിലൂടെയാണ്. പല വ്യക്തിനാമങ്ങളും സ്ഥലനാമങ്ങളും ഈ വഴി മലയാളത്തിൽ എത്തിയിട്ടുണ്ട്. ആരിയർ ചോനകൻ, തുരുക്കൻ (അറബി), തുലിക്കൻ (തുർക്ക് ദേശക്കാരൻ) ഒട്ട ദേശത്തുകാരെയും മലയാളി അറിഞ്ഞതും

പ്രാകൃതം വഴിതന്നെ. കരമാർഗമുള്ള കൂടാരവണ്ടിയും ചാട്‌വണ്ടിയും വണ്ടിച്ചക്രങ്ങളെ യോജിപ്പിക്കുന്ന അച്ചും, അച്ചാണിയും ജലമാർഗമുള്ള തോണിയും വള്ളത്തിന്റെ അണിയവും അമരവും പന്നകവും വണ്ടി വലിക്കുന്ന മൃഗത്തെയും പരിചയപ്പെടുത്തിയ പ്രാകൃതം കളിയിൽ പന്തയ സമ്പ്രദായവും തുടങ്ങി. പകിട, ചൂത്, ഊഞ്ഞാല്, കളിപ്പന്ത് തുടങ്ങിയ കളികളോടൊപ്പം മുറുക്കാനും നേരംപോക്കാക്കി. വീണപോലുള്ള തന്ത്രിവാദ്യവും മദ്ദളമെന്ന താളവാദ്യവും അവചേർത്തുള്ള മേളവും താള സങ്കൽപ്പവും ആട്ടവും പാട്ടുമടങ്ങുന്ന പുരുഷനൃത്തവും പുരുഷ നർത്തകനെയും നമ്മേ പ്രാകൃതം പരിചയപ്പെടുത്തി. മതപ്രചാരണം വഴി അമ്പലം, കൊട്ടം, തളി, പള്ളി, എന്നിങ്ങനെയുള്ള സ്ഥാപനങ്ങളും അയ്യൻ (ബുദ്ധഭിക്ഷു), ചവണർ, ചാത്ത (ജൈനസന്യാസി), വേതിയൻ (വേദജ്ഞാനമുള്ള ബ്രാഹ്മണർ), കോമരം, കത്തനാർ എന്നിങ്ങനെയുള്ള പുരോഹിത വിഭാഗങ്ങളും നമുക്ക് ഇടയിൽ വേരോടി. ദേവദേവതകളോടൊപ്പം പൌരാണിക കഥാപാത്രങ്ങളും സംജ്ഞാനാമങ്ങളായി. മതാചാരം പൂജാവസ്തുക്കൾ എന്നിവയുമായി ബന്ധപ്പെട്ട പലതും മലയാളത്തിൽ കുടിയേറി. മനസ്സും മാനസിക വ്യാപാരങ്ങളുമായി ബന്ധപ്പെട്ട പദങ്ങളും വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട എഴുത്ത് രീതികൾ, സാമഗ്രികൾ, പള്ളിക്കൂടം, ആധാരഗ്രന്ഥങ്ങൾ എന്നിങ്ങനെയുള്ള പദങ്ങളും ഈ വഴിയെത്തി.

സമ്പർക്കത്തിന്റെ ഫലമായി സംഖ്യാവചികൾ, നിറപ്പേരുകൾ, രുചിഭേദങ്ങൾ ഇവയൊക്കെ മലയാളി പരിചയപ്പെട്ടു. ഇടങ്ങളെ കുറിച്ചുള്ള ബോധവും ജലാശയ നാമങ്ങളും പ്രകൃതി ശക്തികളെയും അറിഞ്ഞതോടൊപ്പം സമയം, ദിശ, ദൂരം, മാസം എന്നിവയെക്കുറിച്ചുള്ള സങ്കൽപ്പങ്ങളും ഗ്രഹനക്ഷത്രങ്ങളെ കുറിച്ചുള്ള അറിവും ഈ വഴികടന്നെത്തി. സസ്യജന്തു പ്രകൃതിയെകുറിച്ചുള്ള സൂക്ഷമവസ്തുക്കളുടെ ജ്ഞാനം നേടിയതോടൊപ്പം അജൈവിക പ്രകൃതിയുടെ രാസസ്വഭാവഗുണങ്ങൾ പഠിക്കാനും കഴിഞ്ഞു. വിപുലമായ ആശയലോകം മലയാളിക്ക് പരിചയപ്പെടുത്തിയ പ്രാകൃത സമ്പർക്കത്തിന്റെ ശേഷിപ്പുകൾ ഇന്നും സജീവമാണ്.

മണിപ്രവാളസമവാക്യമായ ദ്രാവിഡസംസ്കൃത സഹജീവനത്തിൽ രണ്ടും ഭിന്ന സാന്നിദ്ധ്യങ്ങളായി നിലനിന്നു. ലീലാതിലകകാരൻ വിഭക്ത്യന്ത സംസ്കൃത രൂപങ്ങളെ ത്രൈവർണിക കേരളഭാഷയായി ഉത്കൃഷ്ടഭാഷയായും ദ്രാവിഡസാന്നിദ്ധ്യത്തെ അപകൃഷ്ട ഗണത്തിൽ ഉൾപ്പെടുത്തിയും സ്വത്വവിവേചനം നടത്തി. ഈ ത്രൈവർണിക അനുഭാവത്തെ ഭാഷീയമാക്കാൻ കുന്തൽവാദവും മുന്നോട്ട് വെച്ചു. എഴുത്തച്ഛനാകട്ടെ അന്യതെ തദ്ദേശീകരിക്കാനുള്ള സംലയനവ്യാകരണം പ്രായോഗികമാക്കി. അന്യതയുമായി സന്ധിചെയ്യുക എന്നത് തദ്ദേശീകരണത്തിലൂടെ ആകണമെന്ന

നിർബന്ധം എഴുത്തച്ഛനുണ്ടായിരുന്നു. അന്യതയെ അകറ്റി നിർത്തുന്ന പ്രതിരോധമല്ല; മിറച്ച് ഉൾക്കൊള്ളുന്ന സമീകരണ പ്രതിരോധമാണ് മലയാളസ്വത്വനിർമ്മിതി സാധ്യമാക്കുന്നത് എന്നതായിരുന്നു എഴുത്തച്ഛന്റെ നിലപാട്. ഒരുപക്ഷെ അക്കാലത്ത് സർഗ്ഗാത്മകവൈജ്ഞാനിക സമ്പത്തുള്ള മറ്റൊരുഭാഷയുമായുള്ള സമ്പർക്കമാണ് എഴുത്തച്ഛൻ അഭിമുഖീകരിച്ചതെങ്കിലും സമീപനം ഇതുതന്നെയായിരിക്കുമെന്ന് ഉറപ്പിക്കാം. തമിഴിൽ നിന്നും സംസ്കൃതത്തിൽ നിന്ന് ഭിന്നമായ മലയാളസ്വത്വസ്ഥാപനം ആയിരുന്നു ലക്ഷ്യം. മാർഗ്ഗമേതായാലും ലക്ഷ്യമാണ് പ്രധാനമെന്നത് എഴുത്തച്ഛനും സ്വീകരിച്ചു. തദ്ദേശീയപദങ്ങൾക്കും സുകുമാരസംസ്കൃതപദങ്ങൾക്കും മലയാളവിഭക്തിയും സാധാരണമല്ലാത്ത സംസ്കൃതപദങ്ങൾക്ക് സംസ്കൃതവിഭക്തിയും എന്ന ഫോർമുല രൂപീകരിച്ച് സംസ്കൃതഭാവനയെ മലയാളീകരിക്കുക എന്ന പ്രക്രിയ എഴുത്തച്ഛൻ പൂർത്തിയാക്കി. ദ്രാവിഡ വർണ്ണ വ്യവസ്ഥയ്ക്ക് ഈ പ്രക്രിയെ ഉൾക്കൊള്ളാനുള്ള പരമിതി അറിഞ്ഞ് അതിഖരമൃദുഘോഷാദി സംസ്കൃതവർണ്ണങ്ങളെ ഉൾക്കൊണ്ട്, വർണ്ണവ്യവസ്ഥ വിപുലീകരിച്ച് അന്യതയെ ഉൾക്കൊള്ളുന്ന മലയാള സങ്കലനസംസ്കാരത്തോട് ചേർന്ന് നിന്നു. ഈ ഉൾക്കൊള്ളൽ പ്രക്രിയ സംസ്കൃതത്തിന്റെ മലയാളീകരണമാണ് ഉറപ്പിച്ചത്. അന്യതയുടെ സ്വാംശീകരണം ഉറപ്പ് വന്നതോടെ സംസ്കൃതക്രിയാധാതുക്കളെല്ലാം മലയാളഘടനയിലേക്ക് ആവാഹിച്ചെടുത്ത് പദാവലിവികസനം സാധ്യമാക്കി. നേർവായ്പ്പ, ലിപ്യന്തരണം, വ്യതിചലനവായ്പ്പ, നിഷ്പാദനം, സമാസം എന്നീ മാർഗ്ഗങ്ങൾ സ്വീകരിച്ചു. ഈ സാംസ്കാരിക പ്രക്രിയയെ അന്യഭാഷാസമന്വയം എന്നും പറയാവുന്നതാണ്.

മണിപ്രവാളത്തിൽ ആരംഭിച്ച സംസ്കൃത സംക്രമണം എഴുത്തച്ഛനിലൂടെ ദ്രാവിഡ പൈതൃകത്തിനുമുകളിൽ പദസമ്പത്ത്കൊണ്ട് സ്ഥാനം ഉറപ്പിച്ചു. സർഗ്ഗാത്മകതയുടെയും വിജ്ഞാനത്തിന്റെയും സംസ്കൃതകേന്ദ്രിതമായൊരു ഭാഷാശീലം മാതൃഭാഷാസങ്കൽപ്പത്തിലും ആസൂത്രണത്തിലും പ്രകടമാണ്. മലയാളത്തിലെ സംസ്കൃതമേധാവിത്വത്തെ തടയാൻ മിഷണറി ഇടപെടലുകൾക്കോ തദ്ദേശീയഭാഷയുടെ ഉപയോക്താക്കൾക്കോ കഴിഞ്ഞിരുന്നില്ല. എന്നാൽ ഒരുപരിധിവരെ ദ്രാവിഡപാരമ്പര്യം തുടർന്നതായി കാണാവുന്നത് അറബിമലയാളസാഹിത്യത്തിലാണ്. എങ്കിലും ഔപചാരികവും മാനകവും ഗൗരവും നിറഞ്ഞതുമായ ഭാഷ സംസ്കൃതനിഷ്ഠമായ മലയാളമാണ് എന്ന വിശ്വാസം പരക്കെ അംഗീകരിക്കപ്പെട്ടു.നാട്ടുപദങ്ങളുടെ ഇടം നഷ്ടപ്പെട്ട അവസ്ഥയും സംസ്കൃതാധിനിവേശഫലമാണ്. ഇത്തരത്തിൽ മലയാളിയുടെ ഭാഷാസ്വത്വം സംസ്കൃതകേന്ദ്രീതമാണെന്നും അത് സൃഷ്ടിക്കുന്ന സ്വത്വപ്രതിസന്ധി എന്തെന്ന്കാണേണ്ടതുണ്ടെന്നും ജോർജ്ജ് (2020

)ഓർമ്മിപ്പിക്കുന്നു. അന്യഭാഷകളോട് മലയാളം സ്വീകരിച്ച് പോരുന്ന വെടിപ്പായി തനതാക്കുക എന്ന നയം പ്രതിരോധമല്ല സങ്കരപാതയാണ് മലയാളത്തിന്റെ വഴിയെന്ന് സ്ഥാപിക്കുന്നു .

**എന്തിന് പദാദാനം**

ആവശ്യബോധം എന്ന പ്രേരണയാണ് കാരണങ്ങളിൽ ഒന്നായി ഭാഷാശാസ്ത്രജ്ഞർ ചൂണ്ടികാണിച്ചിട്ടുള്ളത് സമ്പർക്കഭാഷയിൽ പ്രയോഗത്തിലുള്ള ഒരു പദത്തിന് തത്തുല്യ സങ്കൽപനമോ പദമോ ഇല്ലാതിരിക്കുന്ന സാഹചര്യത്തിൽ വിവർത്തിത പദമുണ്ടാക്കാമെങ്കിലും ഉച്ചാരണസൗകര്യം ഉണ്ടെങ്കിൽ സ്രോതഭാഷാപദം ഉപയോഗിക്കാനാണ് സാധാരണക്കാർ കൂടുതൽ താല്പര്യം കാണിക്കുന്നത്.പ്രാഥമികഭാഷയിലുള്ള പദത്തെ അവഗണിച്ചുകൊണ്ടാണ് വായ്പാപദം ഉപയോഗിക്കുന്നതെങ്കിൽ മാന്യതാബോധമോ നിലവിലുള്ളപദം ലളിത ഉച്ചാരണത്തിന് വഴങ്ങാത്തതോ ആവാം കാരണം. മാന്യതാബോധം വഴി ഉപയോഗത്തിലെത്തുന്ന ആദത്തങ്ങൾ മാതൃ ഭാഷാസ്വതാപചയം ഉണ്ടാക്കുന്നുവെന്ന വിമർശനം ശക്തമാണ്. എന്നാൽ അവയെ വാഴിക്കുന്ന ഭാഷാസാഹചര്യം എല്ലായ്പ്പോഴും മാന്യത ആകണമെന്നില്ല.ഉച്ചാരണലാളിത്യവും ആകാം.മലയാളത്തിന്റെ തദ്ദേശീകരണ പ്രവണതയുടെ ഫലവുമാകാം. ബഹ്വർത്ഥ പദങ്ങൾ വഴി ഉണ്ടാകാവുന്ന അർത്ഥ സന്നിശ്ധത മറികടക്കാനും വായ്പ്പ എടുക്കാറുണ്ട്.ചുരുക്കത്തിൽ ഭിന്ന സാമൂഹിക ഭാഷാശാസ്ത്ര കാരണങ്ങളാണ് ഒരു ഭാഷയിലെ അന്യഭാഷാ സാന്നിധ്യത്തെ നിർണയിക്കുന്നതെന്നുപറയാം. വ്യക്തി, സ്വത്വം, ഭാഷാപരിശീലനം, മാന്യതാബോധം, ഭാഷാമനോഭാവം, ഭാഷാശീലം എന്നിവയോടൊപ്പം ഭാഷാപ്രത്യയശാസ്ത്ര ഘടകങ്ങൾ, വ്യവഹാരകാലം, ഉപയോഗസന്ദർഭം, അധികാരം, മേൽക്കോയ്മ എന്നിങ്ങനെ അനവധി സംവർഗങ്ങൾ അന്യഭാഷാസ്വാധീനത്തെ വിലയിരുത്താൻ ഉപയോഗിക്കാം. മലയാളത്തെ സംബന്ധിച്ചിടത്തോളം പ്രാധാന്യമർഹിക്കുന്ന ചിലഘടകങ്ങൾ തെരഞ്ഞെടുക്കാം.

**അന്യതയെ ഉൾക്കൊള്ളൽ**

അന്യതയെ ഉൾച്ചേർക്കുന്ന ഹൈബ്രിഡ് സമീപനമാണ് മലയാളം കൈകൊണ്ടിട്ടുള്ളത്. ഇതൊരു തനതുവത്കരണമായോ തദേശികരണമായോ മലയാള ഭാഷീകരണമായോ വിശദീകരിക്കാം. അതോടൊപ്പം തന്നെ വരേണ്യവൽക്കരണമായും അധിനിവേശമേൽക്കോയ്മയായും പരിഗണിക്കാം.ഭിന്ന വിശദീകരണ സാധ്യതകൾ നിലനിറുത്തുന്നുണ്ടെങ്കിലും ഇക്കാര്യത്തിൽ ഇതരഭാഷകൾക്കു അന്യമായി മലയാളഭാഷ ആർജിച്ച സമീകരണവൈദഗ്ധ്യം വിശദീകരിക്കാനാണ് ഇവിടെ

ശ്രമിക്കുന്നത്. അന്യതയെ സമീകരിച്ചുൾകൊള്ളുക എന്ന എഴുത്തച്ഛൻ പാഠം ഭാഷയ്ക്കു നൽകിയ നേട്ടങ്ങളാണ് അടിസ്ഥാനമായി കരുതേണ്ടത്. ദ്രാവിഡ സംസ്കൃത വർണ പദ പ്രയോഗ വ്യവസ്ഥകളുടെ സംയോജന ത്തിലൂടെയാർജിച്ച ദ്വിഭാഷാ ശേഷി ഇതരഭാഷകളെയും ഉൾകൊണ്ടുവ ളരാൻ മലയാളത്തെ പര്യാപ്തമാക്കി.ലോകഭാഷയായി അറിയപ്പെടുന്ന ഇംഗ്ലീഷിനെക്കാളും പ്രാഗത്ഭ്യത്തോടുകൂടി ഇതരഭാഷകളെ ഉൾക്കൊ ള്ളാനുള്ള വർണവഴക്കവും വ്യാകരണവഴക്കവും മലയാളം ആർജ്ജിച്ചു. ഇംഗ്ലീഷിന് ഇപ്പോഴും അന്യ ഭാഷകളുടെ ഉച്ചാരണം സ്വഭാഷാ പ്രേരിത മായേ നടപ്പാക്കാനാവൂ. മലയാളം ആ പരിമിതിയും മറികടന്നു.വായ്പ്പ പദങ്ങൾക്കു അർഹിക്കുന്ന ഉച്ചാരണം നൽകാൻ ജന്മസിദ്ധമല്ലെങ്കിൽ പോലും മലയാളം തയ്യാറകുന്നു. പാദാദിയിൽ വത്സ്യ നകാരം സ്വാഭാവി കമായി ഇല്ലെങ്കിലും നോവൽ എന്ന് പറയാനോ, ഴാങ് പോൾ സാർത്രിൽ ഴ പദാദിയിൽ ഉപയോഗിക്കാനോ മലയാളത്തിനു ബുദ്ധിമുട്ടില്ല. ലോക ഭാഷകളിൽ സവിശേഷശബ്ദങ്ങളായി തിരിച്ചറിഞ്ഞിട്ടുള്ള ചില ആഫ്രി ക്കൻ ഭാഷകളിലെ ക്ലിക് (ഇക്കിൾ ശബ്ദം) ശബ്ദവും,അന്തസ്ഫോടക ങ്ങളും അറബിയിലെ ല് /ള് ശബ്ദവും തുടങ്ങി ചുരുക്കം ചിലതൊഴിച്ചാൽ ബാക്കിയുള്ളവ മലയാള ഉച്ചാരണത്തിനും വർണവ്യവസ്ഥക്കും വഴങ്ങും. വ്യഞ്ജനാന്ത്യമായ ഏതൊരു ആദത്തത്തിനും ചന്ദ്രക്കല ചേർത്തും പ്രത്യ യാദികൾ ചേർത്തും മലയാളീകരണം പൂർത്തിയാക്കാം. ഈ മാറ്റങ്ങളൊ ന്നും വാക്യഘടനയെ ബാധിക്കാതെ നടത്താമെന്ന സൗകര്യം ലോക ഭാഷകളിൽ മലയാളം ആർജിച്ച വഴക്കത്തിനും തഴക്കത്തിനും മേലെ ഇതുവരെ ഒരുഭാഷയും വളർന്നിട്ടില്ല. അന്യതയെ ഉൾകൊള്ളുന്നതിൽ ഇംഗ്ലീഷ് ഉൾപ്പടെയുള്ള ഭാഷകൾക്ക് പരിമിതിഏറെയുണ്ട് എന്നത് സവി ശേഷമായി ഓർക്കുക.

**ഘടനാസവിശേഷതകൾ**

സംസ്കാര-സാഹിത്യത്തിലെന്നപോലെ ഭാഷയിലും എല്ലാത്തരം വൈദേശിക പ്രവണതകളെയും സ്വീകരിക്കുന്ന കേരളീയ നയം വൻതോ തിലുള്ള മാറ്റങ്ങൾക്കു വഴിതെളിച്ചു .സ്വനം തൊട്ടു വാക്യം വരെയുള്ള എല്ലാരൂപതലങ്ങളിലും അർത്ഥത്തിലും ഇതു പ്രകടമാണ്. അന്യഭാ ഷാപദങ്ങളെ തത്ഭവമായും തത്സമ മായുമാണ് മലയാളം സ്വീകരിച്ചു പദസമ്പത്തുയർത്തുന്നത്. മറ്റൊരു രീതി കണ്ടുന്നതു തർജ്ജമയിലൂടെ സ്വന്തമാക്കുന്നതാണ്. തത്ഭവ രീതിയാണ് ഘടനാപരമായി മലയാളീ കരണവഴി.എന്നാൽ തത്സമ പാതയും മലയാളീകരണത്തിന്റെ കൈവ ഴിതന്നെ.സംവൃതോകാരം, ലിംഗ വചന വിഭക്തി പ്രത്യയങ്ങൾ എന്നിവ ചേർത്ത് സമീകരിക്കുന്ന രീതിയാണിത്. ഉച്ചാരണത്തിൽ സംസ്കൃത

ശീലം നിലനിറുത്തുമ്പോൾ തന്നെ മലയാള ഉച്ചാരണമാർഗവും കണ്ടെ ത്താറുണ്ട് (ത്/ദ് > ൽ , ) .മലയാളീകരണപ്രവണതയും സംസ്കൃത രീതിയും സഹവർത്തിക്കുന്ന  സങ്കലന സ്വഭാവം പ്രകടമാണ്.

പദാദാനം വഴി മലയാളത്തിന്റെ പദസമ്പത്ത് വർദ്ധിച്ചുവെന്നതി നൊപ്പം വർണവ്യവസ്ഥയിലും ചില മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. വ്യഞ്ജന ങ്ങളുടെ ഉച്ചാരണക്രമത്തിൽ മാറ്റങ്ങളുണ്ടായി. മലയാളത്തിന്റെ വർണ നിയമങ്ങളും സംസ്കൃത നിയമങ്ങളും ഉപയോഗിക്കുന്ന രീതിയുണ്ടായി ഉദാഹരണമായി വ്യഞ്ജനനങ്ങൾ. പദാദിയിൽ  ദൃഢവും പദമധ്യത്തിൽ ശിഥിലവുമെന്ന മലയാള ക്രമത്തിന് ഭിന്നമായി  പദമധ്യവ്യഞ്ജനങ്ങൾ ക്ക്  സംസ്കൃത /ഇംഗ്ലീഷ്  വായ്പ്പാവാക്കുകളിൽ ഇന്തോ യൂറോപ്യനി ലേതുപോലെ ദൃഢ ഉച്ചാരണം കൈവന്നു. ഖരമായ ട് മാറി മൃദുവായ ഡ് ഉച്ചാരണം പല സന്ദർഭങ്ങളിലും ഉണ്ടായി . അനുനാസികത്തിനുശേഷ വും ഇതേ പ്രവണത കാണാം. മലയാള രീതിയനുസരിച്ച് പദമധ്യത്തിൽ വരുന്ന കൂട്ടക്ഷരങ്ങൾക്കു ദൃഢ ഉച്ചാരണമാണെങ്കിലും വായ്പ്പാവാക്കുക ളിൽ വ്യഞ്ജനങ്ങൾ ഇരട്ടിക്കാതെ തന്നെ ദൃഢ ഉച്ചാരണം നിലനിറുത്തുന്നു. രേഫത്തിനു ശേഷം വരുന്ന വ്യഞ്ജനങ്ങൾക്കു മലയാളത്തിൽ ഉച്ചാരണം ദൃഢമല്ലെങ്കിലും  (വാർണിഷ് ,കാർഡ് ), ചിലപ്പോൾ ദൃഢമായും (  മാർഗ്ഗം ,ഊർജ്ജം സ്വർണ്ണം) ഉച്ചരിക്കുന്നു

പദമധ്യത്തിലുള്ള കൂട്ടക്ഷരങ്ങളിൽ മധ്യമവ്യഞ്ജനങ്ങൾക്കു മുമ്പിൽ വരുന്ന വ്യഞ്ജനങ്ങൾ ഇരട്ടിച്ചു ഉച്ചരിക്കണമെങ്കിലും ഉച്ചാരണവിശേഷ മായതുകൊണ്ട് ഇരട്ടിപ്പ് വേണ്ടെന്നു വന്നു (വാക്യം, ഭാഗ്യം, അഗ്രം, ഉജ്ജ്വ ലം),പദാന്ത വ്യഞ്ജനം സംവൃതോകാരം ചേർത്തും ഇല്ലാതെയും (റോഡ് ,മാവോ സേതുങ്, ലോക്സഭ, ടാഗോർ) ഉപയോഗത്തിൽവന്നു. സംസ്കൃത ആദത്തങ്ങളിൽ  വത്സ്യസന്ദർഭങ്ങളിൽ  തകാരത്തിനു ഉച്ചാരണം നഷ്ട പ്പെടുന്നു , ലകാര ഉച്ചാരണം കൈവരുന്നു (ഉത്കർഷം > ഉൽക്കർഷം) സംസ്കൃതപാഠങ്ങളിൽ ‘ൽ' തകരമായി മാറുന്നു. തകാരം ദകാരമായി (ഉത്ഘോഷം > ഉദ്ഘോഷം), ദകാരം ലകാരമായി മാറുമ്പോൾ ഖരങ്ങൾ ക്കും മൃദുക്കൾക്കും ഇരട്ടിപ്പ് വേണം (സദ് ഗുണം >സൽഗ്ഗുണം ). അതിഖര ,മഹാപ്രാണങ്ങൾക്കു ഇരട്ടിപ്പുവേണ്ട.. പാദാദിയിലെ നകാരം പൊതുവിൽ ദന്ത്യമാണെങ്കിലും വായ്പ്പാപദങ്ങളിൽ പദാദിയിലും  വത്സ്യമായി മാറുന്നു (നോവൽ, നോട്ട്) ഒപ്പം ദന്ത്യമായും നിലനിൽക്കുന്ന (നോട്ട് ) അവ്യവ സ്ഥകാണാം.ഓ, ആ, ഫ (ഓട്ടോ, ബാങ്ക്, ഫാൻ)എന്നീ സ്വനങ്ങൾ ഇംഗ്ലീഷിൽ നിന്നും കടമെടുത്തുപയോഗിക്കുന്നു. ഫകാരത്തിനു വായ്പ്പാ പദങ്ങളിൽ (അറബി, ഇംഗ്ലീഷ്) ഘർഷി (ഊഷ്മാവ്) ഉച്ചാരണവും (ഫിലിം,

ഫാൻ) സംസ്കൃത പദങ്ങളിൽ അതിഖര ഉച്ചാരണവും (ഫലിതം, ഫലം, കഫം) നിലനിറുത്തുന്നു .ശ്വാസികളായ സ, ശ, ഷ, ഹ ഘർഷസ്വനങ്ങൾ വായ്പ്പാവാക്കുകളുടെ ആദിമധ്യസ്ഥാനങ്ങളിൽ കാണാം. വത്സ്യമോ മൂർ ധന്യമോ ആയ അനുനാസികങ്ങൾ പദാദിയിൽ വായ്പ്പാവാക്കുകളിൽ -സംസ്കൃത വർണഘടന അനുകരിക്കുന്നു.ല/ള പദാദിയിൽ വായ്പ്പാവാ ക്കുകളിൽ കാണുന്നു .ദീർഘ വ്യഞ്ജനങ്ങൾ (ദ്ദ, ഗ്ഗ, ശ്ശ)സംസ്കൃതത്തിൽ നിന്നുള്ള വായ്പ്പാവാക്കുകളിൽ പദമധ്യത്തിൽ വരും. സമസ്ഥാനീയ വ്യ ഞ്ജനസംയുക്തങ്ങളായ - അനുനാസികം +സ്പർശം (മ്പ -മ് പ ,ന്ത ,ഞ്ച ങ്ക -ങ് ക,ണ്ട ,മ് ബ ,ന്ദ ,ഞ്ജ ,ഠഗ(ങ് ഗ) ,ണ്ഡ ,ംഭ ,ന്ധ ,ംഘ(ങ് ഘ), ഘർഷം +സ്പർശം /അനുനാസികം : ഷ്ട ഷ്ഠ ,ശ്ച ,ഷ്ണ വായ്പ്പാവാക്കുകളിൽ സാന്നിധ്യമറിയിക്കുന്നു.

സന്ധിനിയമങ്ങളിലും സംസ്കൃത/മലയാള നിയമങ്ങൾ പ്രവർത്തിക്കുന്ന തായി കാണാം(ദിനപത്രം >ദിനപ്പത്രം), സംയുക്തങ്ങളിൽ ഒരുപദം മലയാ ളമാണെങ്കിൽ മലയാള സന്ധി (ജലപ്പരപ്പ് ),ചിലപ്പോൾ സംസ്കൃതനിയമം (ഉടമാവകാശം) ,സംസ്കൃതനിയമമനുസരിച്ച് പൂർവ്വപദത്തിന്റെ അന്ത്യ സ്വരം ദീർഘിപ്പിക്കുന്ന ശീലം (ചർച്ചാവേദി ) എന്നിങ്ങനെ പല മാറ്റങ്ങളും പദാദാനത്തിലൂടെ കടന്നെത്തിയിട്ടുണ്ട്. സംസ്കൃത പ്രകൃതികളിൽ ഇ പ്രത്യയം ചേർത്തുള്ള ധാതു നിർമിതിയും പെടുക ചെയ്യുക ചേർത്ത് സമാ സിക്കുന്ന രീതിയും ധാതുവിൽ ലിംഗപ്രത്യയം ചേർത്ത് കാരകകൃത് ഉണ്ടാ ക്കുന്ന രീതിയും സംസ്കൃത തദ്ധിതരൂപങ്ങൾക്കു ത്വം ചേർത്തും മലയാള ത്തിന് ത്തം ചേർത്തുമുള്ള പ്രയോഗവിശേഷങ്ങളും മലയാളീകരണത്തിന്റെ രീതികളാണ്. സംസ്കൃതത്തിലെ ഏതു ക്രിയാധാതുവിനോടും ഇ എന്ന അംഗപ്രത്യയം ചേർത്തു മലയാള ക്രിയാംഗം നിർമ്മിക്കുന്ന നയം ഇംഗ്ലീഷ് സന്ദർഭത്തിലും ആവർത്തിക്കുന്നുണ്ട് (ചാറ്റി ,ബ്രൗസി ). സംസ്കൃതം ഉൾകൊ ള്ളാൻ ഉപയോഗിച്ച പദനിഷ്പാദനതന്ത്രങ്ങൾ തന്നെയാണ് ഇംഗ്ലീഷിനും പ്രയോജനപ്പെടുത്തുന്നത്. പദ നിർമിതിയിൽ രൂപസിദ്ധി ,നിഷ്പാദനം ,സമാസം എന്നിവ പരക്കെ പ്രയോജനപ്പെടുത്തുമ്പോഴും ദ്വിഗുണീകര ണവും പദനുറുക്കലും (ക്ലിപ്പിംഗ്) വായ്പ്പാസന്ദർഭങ്ങളിൽ കാണുന്നില്ല. ലിംഗവചന വിഭക്തി പ്രത്യയങ്ങൾ ചേർത്ത് മലയാളീകരിക്കുന്ന രീതി സംസ്കൃത -ഇംഗ്ലീഷ് സന്ദർഭങ്ങളിൽ വ്യാപകമായി ഉപയോഗിക്കുന്നു(സ്ത്രീ +കൾ +ഉടെ ,/കാർ+കൾ +ഉടെ), ചിലപ്പോൾ ഇംഗ്ലീഷ് ബഹുവചനക്കുറി യായ -s ചേർത്ത് ഉപയോഗിക്കുന്നു (ഫ്രണ്ട്സ്,ബോയ്സ് ഹോസ്റ്റലിന്റെ ). സംസ്കൃത പദങ്ങളോട് അം പദാന്ത്യമായി ചേർത്ത് മലയാളീകരിക്കുന്ന രീതി (സമുദ്ര +അം >സമുദ്രം),അം ചേർത്ത് മഹാപ്രാണ ലോപം സാധ്യ മാക്കൽ (സാഗര (ഹ )>സാഗരം ),അന്ത്യദീർഘ സ്വരലോപത്തിലൂടെയുള്ള

മലയാളീകരണം (ഭാര്യാ >ഭാര്യ ) , വ്യഞ്ജനാന്ത്യ പദങ്ങളിൽ സംവൃതോകാരം (ബസ്സ്) ചേർക്കൽ തുടങ്ങി അനേകം മലയാളീകരണരീതികൾ അന്യഭാഷാ സമീകരണപ്രക്രിയകളായി കാണാം. സമാസനിർമിതികൾ സംസ്കൃത ആദാനത്തിലാണ് കൂടുതൽ ശക്തിപ്രാപിച്ചതെങ്കിലും സമകാലത്തു ഇംഗ്ലീഷ് സ്വീകരിക്കുന്ന മുറയായി അധികം ശക്തിപ്രാപിക്കുന്നുണ്ട്. സംസ്കൃതം +സംസ്കൃതം, സംസ്കൃതം +മലയാളം ,മലയാളം +സംസ്കൃതം എന്ന സമാസ രീതി ഇംഗ്ലീഷ് സാഹചര്യത്തിലും തുടരുന്നു.എന്നാൽ വാക്കുകൾക്കിടയിൽ അകലം ഇംഗ്ലീഷ്‌രീതിയനുസരിച്ചു പാലിക്കുന്നു.

സംസ്കൃത ബന്ധമാണ് മുൻപ്രത്യയങ്ങളുടെ ഉപയോഗം (അ -സത്യം) മലയാളത്തിൽ കടന്നെത്താൻ കാരണമെങ്കിലും ഇതേ മാതൃകയിൽ ഇന്ന് പുതു പദനിർമിതി (പുനർവായന ) സാർവത്രികമായിട്ടുണ്ട് .സംയുക്തപദങ്ങൾ അഞ്ചോ ആറോ ഘടകപദങ്ങൾ ചേർത്തുണ്ടാക്കുന്ന രീതിയുമുണ്ട്. അവ മിശ്രഭാഷാ സംയുക്തങ്ങളാണ്. ഇംഗ്ലീഷും മലയാളവും സംസ്കൃതവും ഇടകലർന്നുപയോഗിക്കുന്ന രീതി (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ).

സമുച്ചയം ചേർത്ത് (ഉം)യോജനം നടത്തുന്ന രീതി വായ്പ്പാപദങ്ങളിലും സാധാരണമായി.അന്യോന്യം,പരസ്പരം എന്നിങ്ങനെയുള്ള ഉഭയബന്ധസൂചികൾ (reciprocals ), മുൻ -പിൻ നിലകൾ സംസ്കൃതത്തിൽനിന്നും മലയാളം സ്വന്തമാക്കി.

ഇംഗ്ലീഷ് രീതിയനുസരിച്ച് സങ്കലിത നാമ സൃഷ്ടി (പുരോഗമന കലാ സാഹിത്യ സമിതി- പുകസ )മലയാളത്തിൽ സാധാരണമായി. വ്യാക്ഷേപകങ്ങൾ ഉപചാരപദങ്ങൾ എല്ലാം മലയാളത്തിന്

സ്വന്തമായത് അന്യഭാഷാ സമ്പർക്കം കൊണ്ടാണ്. കർമണിപ്രയോഗം സർവസാധാരണമായതും(അറിയപ്പെടാത്ത ,കാണപ്പെട്ട ,ചർച്ച ചെയ്യപ്പെട്ടു,ഫലം പ്രഖ്യാപിക്കപ്പെട്ടും) സമ്പർക്ക സ്വാധീനം തന്നെ .ഗദ്യഭാഷയുമായി ബന്ധപെട്ട ദീർഘവാക്യങ്ങൾ ഒഴിവാക്കി ഉപവാക്യ ഘടന ഏർപ്പെടുത്തിയതും ചിഹനം ,പദങ്ങൾക്കിടയിൽ അകലമിടൽ, പദം മുറിച്ചു - ഇടൽ, വ്യത്യസ്തഫോണ്ടുകൾ ഉപയോഗിക്കൽ, അടിക്കുറിപ്പുകൾ, ഗ്രന്ഥസൂചി സമ്പ്രദായം ഇവയെല്ലാം ഇംഗ്ലീഷിനെ മാതൃകയാക്കികൊണ്ട് മലയാളം നടപ്പിൽ വരുത്തിയതാണ് . ഇക്കാര്യത്തെക്കുറിച്ചു ഇംഗ്ലീഷാവിഷ്ടമായ മലയാളം എന്ന കൃതിയിൽ സി ജെ ജോർജ് (2021 )വിവരിക്കുന്നുണ്ട്..

ഇംഗ്ലീഷ് പദങ്ങൾ ലിപ്യന്തരണത്തിലൂടെ സ്വന്തമാക്കിയപ്പോൾ ഇംഗ്ലീഷ്ഭാഷയുടെ തനത് ഉച്ചാരണം നഷ്ടപെടുത്തിയെന്നും ലിപ്യന്തരണത്തിലെ പിഴവ് എന്തെന്നും ജെ വി വിളനിലം (2009 ) വിസ്തരിച്ചിട്ടുണ്ട്.

അവയിൽ ചില ഉദാഹരണങ്ങൾ . മലയാള ലിപ്യന്തരണ രൂപമാണ് രണ്ടാമതായി നൽകിയിരിക്കുന്നത് . അവ ഇംഗ്ലീഷ് ഉച്ചാരണവുമായി ബന്ധപ്പെട്ടുത്തിയുള്ള ലിപ്യന്തരണരൂപമാണ് മൂന്നാമത്തേത്

adjective > അഡ്ജെക്റ്റീവ് > അജെക്ടിവ്

adjudicate > അഡ്ജ്യൂഡിക്കേറ്റ് > അജ്യൂഡിക്കേറ്റ്

amateur > അമച്വർ > അമറ്റ്യർ

association > അസോസിയേഷൻ < അസ്സോഷിയേഷൻ

baggage > ബാഗേജ് < ബാഗിജ്

benefit >ബെനിഫിറ്റ് <ബെനെഫിറ്റ്

bicyclist > ബൈസൈക്ലിസ്റ്റ് > ബൈസിക്ലിസ്റ്റ്

collector > കലക്ടർ >കളെക്റ്റർ

contemporary > കണ്ടമ്പറി > കൺടെംപററി

dilemma > ഡൈലെമ > ഡിലെമ

ഇവിടെ രണ്ടുപ്രശ്നങ്ങൾ വിളനിലം ഉന്നയിക്കുന്നു . ഇംഗ്ലീഷ് തെറ്റായി ഉച്ചരിക്കുന്നു വെന്നതും ലിപ്യന്തരണ പോരായ്മയുമാണവ.ലിപ്യന്തരണത്തെ മലയാളീകരണമായി കാണാമോ എന്നാലോചിച്ചാൽ ഉച്ചാരണവികലത വരുത്തിയുള്ള തത്ഭവീകരണമായി വിശദീകരിക്കുകയേ നിവൃത്തിയുള്ളൂ. അത് തെറ്റാണെന്നു വാദിക്കാനാവില്ല.മറിച്ച് ഇംഗ്ലീഷ് ഭാഷാസന്ദർഭത്തിൽ വികല ഉച്ചാരണം ന്യായികരിക്കാനുമാവില്ല.തത്സമമായിട്ടാണ് മലയാളം സ്വീകരിക്കുന്നതെങ്കിൽ ഉച്ചാരണ സമതുല്യത പാലിക്കേണ്ടതുമാണ്. ഇക്കാര്യങ്ങളിൽ വ്യക്തമായ നയം കൈക്കൊള്ളേണ്ടതാണെന്നു ഈ സന്ദർഭം ഓർമിപ്പിക്കുന്നു .

ചുരുക്കത്തിൽ അന്യഭാഷാസ്വാധീനം മലയാളത്തിൽ പ്രകടമാണെന്നും മലയാളം കോഡ്മിശ്രണം ചെയ്തുകൊണ്ടുള്ള വാക്യഘടനാ പ്രവണത സമകാലത്തു പ്രോത്സാഹിപ്പിക്കുന്നുവെന്നതും മലയാള ഭാഷാസങ്കലന സ്വത്വം വെളിപ്പെടുത്തുന്നു സങ്കരത്വത്തെ പൊതുവിൽ അശുദ്ധിയായിട്ടാണ് കരുതിവന്നത് .ഭാഷാശുദ്ധതയെ കുറിച്ചുള്ള കപടവാദങ്ങൾ ഒത്തിരിയുണ്ടായിട്ടുണ്ട്. ഇപ്പോഴും പലരും ഉയർത്തിപിടിക്കുന്നുമുണ്ട് . തമിഴ് ഭാഷാസന്ദർഭം ഒരു ഉദാഹരണമാണ്. ശുദ്ധവംശീയതയിൽ പൊതിഞ്ഞ ഭാഷാവാദമാണ് ശുദ്ധഭാഷാ സങ്കല്പത്തിന് പിന്നിലുള്ളത്.മനുഷ്യകുലത്തിനു ശുദ്ധാശുദ്ധിവേർതിരിവ് നടപ്പാക്കിയതിന്റെ രാഷ്ട്രീയവിവക്ഷകൾ ഇന്ന് നിറയെ ചർച്ചചെയ്യുന്നുണ്ട്.

തുടക്കത്തിൽ മിശ്രസംസ്കാരം പ്രോത്സാഹിപ്പിക്കുന്ന രീതിയായിരുന്നില്ലെങ്കിലും സമ്പർക്ക സാഹചര്യങ്ങൾ മിശ്രജ സംസ്കാരം സൃഷ്ടിച്ചിരുന്നു . ഉത്തരാധുനികകാലത്തു അംഗീകരിക്കപ്പെടുന്ന ദെറിദയുടെ ഡിഫറൻസ് എന്ന ആശയവും ഹോമിഭാഭയുടെ മൂന്നാമിടം എന്ന ആശയവും മിശ്രജനിഷ്ഠമാണ്. അവ ബഹുസ്വത്വത്തെ ഉൾകൊള്ളുന്നു. ബഹുസ്വരതയാണ് അംഗീകരിക്കേണ്ടതെന്നു വന്നിട്ടുണ്ട് ഇന്ന് .സ്വത്വഭിന്നതക്ക് അതീതമായ മിശ്രസ്വത്വ നിർമിതികൾ . സമ്പർക്കത്തെ കുറിച്ചുള്ള ആശയാവലികൾ മാറ്റിമറിച്ചു. ശുദ്ധാശുദ്ധ വേർതിരിവ് മാറി സംലയനമാണ് ശരിയായ വഴി എന്ന് വന്നു . ശ്രേണീകൃത സംസ്കൃതിയുടെ മേൽക്കോയ്മാക്കെതിരെ ഉയർന്നുവന്ന സാധ്യതകളാണ് .ഭാഷാസാംസ്കാരിക സംക്രമണ പ്രക്രിയയെന്ന തിരിച്ചറിവ് പ്രചരിക്കുന്നുണ്ട്. സങ്കലനം ഒരു സാംസ്കാരികപ്രക്രിയയായി വിലയിരുത്തുന്ന പ്രവണത ഭാഷാ സാഹിത്യ സംസ്കാര രപഠനങ്ങളിൽ സാധാരണമായിട്ടുണ്ട്.ഏകഭാഷാ സങ്കല്പനത്തിനു വിള്ളൽ വരുകയും ഭാഷകളിലെ ബഹുഭാഷിത്വം തിരിച്ചറിയാനും ഇപ്പോൾ ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട് ഭാഷാ ശുദ്ധവാദികളായി കപട ഗൃഹാതുരത്വത്തിന്റെ മറവിൽ ജീവിക്കാതെ മലയാളം പ്രയോഗത്തിൽ നടപ്പാക്കിയ മിശ്രഭാഷാരീതി ഉൾകൊണ്ടുകൊണ്ടുള്ള ഭാഷാസൂത്രണമാണ് വേണ്ടതെന്നു മലയാളസന്ദർഭത്തിലെ ഭാഷാസാമ്പർക്കപഠനം വെളിപ്പെടുത്തുന്നു. മലയാളവുമായുള്ള അന്യഭാഷാ സമ്പർക്കം പങ്കുവയ്ക്കുന്ന പാഠം ലോകഭാഷകൾക്കു അനുകരിക്കാവുന്നതാണ് .അന്യതയെ ഒഴിച്ചുനിറുത്താതെ, അസഹിഷ്ണുത പുലർത്താതെ ഉൾക്കൊണ്ട് ബഹുസ്വരതയോടെ വളരുക എന്ന സഹകരണ മനോഭാവം ഭാഷയുടെ പ്രായോഗികവും സമകാലികവുമായി അതിജീവിക്കാനുള്ള സമ്പർക്ക പ്രവണതയാണ് മുന്നോട്ടു വയ്ക്കുന്നത്.ഭാഷയുടെ ഈ അതിജീവന തന്ത്രം മനസിലാക്കാതെ ഭാഷാശുദ്ധവാദവുമായി മുന്നോട്ടുപോകുന്നത് മലയാള സന്ദർഭത്തിൽ ചരിത്ര നിഷേധമാണ് അടയാളപ്പെടുത്തുന്നത് എന്നോർമ്മവേണം. മലയാളം മുന്നോട്ടുവയ്ക്കുന്ന ഭാഷാസമീകരണനയം ലോകഭാഷകൾക്കു മാതൃകയാണ്.

## ഗ്രന്ഥസൂചി


1. കുഞ്ഞൻപിള്ള, ഇളംകുളം. 1984. കേരളഭാഷയുടെ വികാസ പരിണാമങ്ങൾ . എസ് പി സി എസ്,
2. ജോർജ്ജ് സി.ജെ, 2020, ഇംഗ്ലീഷാവിഷ്ടമായ മലയാളം, കോഴിക്കോട്, കേരള സൊസൈറ്റി ഫോർ ലിംഗ്വിസ്റ്റിക് റിസേർച്ച്,
3. ജോസഫ്.പി .എം 1984. മലയാളത്തിലെ പരകീയപദങ്ങൾ ,തിരുവനന്തപുരം

. കേരളഭാഷാഇന്സ്റ്റിട്യൂട്ട്.

4. നമ്പൂതിരി ഇ വി എൻ., 2002 .കേരളഭാഷാചരിത്രം.കോട്ടയം: കറന്റ് ബുക്സ്

5. പ്രഭാകരവാരിയർ. കെ. എം., 1982.പൂർവകേരള ഭാഷ, ചെന്നൈ: മദ്രാസ് യൂണിവേഴ്സിറ്റി

6. വിളനിലം, ജെ.വി. 2009 മലയാളത്തിലെ ഇംഗ്ലീഷ്, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിട്യൂട്ട്,

7. Cavalli-Sforza, L. L., Menozzi, P. & Piazza, A. 1994. The History and Geography of HumanGenes (Princeton Univ. Press, princeton)

8. chomsky, Noam,1981 Lectures on Government and Binding. Holland: Foris Publications. Reprint. 7th Edition. Berlin and NewYork:Mouton de Gruyter, 1993.

9. ..............................1982. Some Concepts and Consequences of the Theory of Government and Binding,1982. Language and the Study of Mind.

10. Comrie, Bernard.1989.Language universals and Linguistic Typology:syntax Morphology. Chicago:University of Chicago Press.

11. Emeneau, M. B . 1956“India as a linguistic area,” Language, 32: 3–16.

12. Ezhuthachan. K .N. 1975 .the history of Grammatical theories in Malayalam. Trivandrm ,The Dravidian Linguistic Association.

13. Greenberg.J.H.1966 Universal of Language, Cambridge, Mass: The MIT press

14. Godavarma K .1946 IndoAryan loanwords in Malayalam. Mavelikara, Ramavarma and Bros .

15. Govindan Kutty A. 1972. From Proto-Tamil Malayalam to West coast dialects. Indo-Iranian Journal 14(1-2): 52-60.

16. Kivisild T, Bamshad MJ, Kaldma K, Metspalu M, Metspalu E, Reidla M, Laos S, Parik J, Watkins WS, Dixon ME, et al. 1999 Deep common ancestry of indian and western-Eurasian mitochondrial DNA lineages. Curr. Biol. 9 1331–1334

17. Kivisild, T., K. Kaldma, M. Metspalu, J. Parik, S.S. Papiha & R. Villems, 1999b. The place of the Indian mitochondrial DNA variants in the global network of maternal lineages and the peopling of

the Old World, in Papiha et al. (eds.), 135-52.

18. Kivisild T, Rootsi S, Metspalu M, Mastana S, Kaldma K, Parik J, Metspalu E, Adojaan M, Tolk HV, Stepanov V, et al. 2003 The genetic heritage of the earliest settlers persists both in Indian tribal and caste populations. Am. J. Hum. Genet.72 313–332